LIBRARY ARCHIVES Kerala Legislative Assembly

പെരിന്തൽമണ്ണ താലൂക്കിലെ വടക്കാങ്ങര വില്ലേജിലുള്ള ഭൂമി

154(4785) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇറിഗേഷൻ വകുപ്പിന്റെ അധീനതയിൽ പെരിന്തൽമണ്ണ താലൂക്കിലെ വടക്കാങ്ങര വില്ലേജിലുള്ള ഭൂമിയിൽ നിന്നും ഇരുപത് സെന്റ് ഭൂമി മക്കരപറമ്പ് പഞ്ചായത്തിന് കൈമാറി നൽകുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ :

(ബി) ജലവിഭവ വകുപ്പുമന്ത്രിയുടെ തീരുമാനപ്രകാരം വിട്ട് നൽകിയ പ്രസ്തുത ഭൂമി നടപടിക്രമങ്ങൾ പൂർത്തിയാക്കി പഞ്ചായത്തിന് കൈമാറുന്നതിന് സത്വര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) ഇറിഗേഷൻ വകുപ്പിന്റെ കൈവശമുള്ള ഭൂമി മക്കരപ്പറമ്പ് ഗ്രാമപഞ്ചായത്തിന് പതിച്ചുനൽകുന്നതിനുള്ള പ്രൊപ്പോസൽ ലാന്റ് റവന്യൂ കമ്മീഷണർ 21-8-2014-ൽ സർക്കാരിൽ സമർപ്പിച്ചിരുന്നു. എന്നാൽ പ്രസ്തുത ഭൂമി 22-12-2000-ലെ സർക്കാർ ഉത്തരവ് ജി.ഒ.(എംഎസ്.) 387/2000/റവ. പ്രകാരം ഇറിഗേഷൻ ഭൂമി റവന്യൂ ഭൂമിയാക്കി മാറ്റുന്ന നടപടി സ്വീകരിച്ചിട്ടില്ല. ആയതിനാൽ നിർദ്ദിഷ്ട മിനി സിവിൽ സ്റ്റേഷന്റെ നിർമ്മാണം സംബന്ധിച്ച തദ്ദേശ സ്വയംഭരണ വകുപ്പിന്റെ ഭരണാനുമതിയുൾപ്പെടെ 22-12-2000-ലെ ടി ഉത്തരവ് പ്രകാരമുള്ള നടപടികൾ സ്വീകരിച്ചതിനുശേഷം വ്യക്തമായ പ്രൊപ്പോസൽ സമർപ്പിക്കാൻ 5-11-2014-ലെ കത്ത് പ്രകാരം ലാന്റ് റവന്യൂ കമ്മീഷണറോട് ആവശ്യപ്പെട്ടിട്ടുണ്ട്.

അപേക്ഷകളുടെയും രസീതുകളുടെയും ലളിതവൽക്കരണം

155(4786) ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. ഐ.സി.ബാലകൃഷ്ണൻ :
ശ്രീ. ആർ . സെൽവരാജ് :
ശ്രീ. വർക്കല കഹാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റവന്യൂ വകുപ്പിലെ അപേക്ഷകൾ, രസീതുകൾ എന്നിവ ലളിതവൽക്കരിക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) അതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) എന്തെല്ലാം സൗകര്യങ്ങളാണ് ഇത് മുഖേന ജനങ്ങൾക്ക് ലഭിക്കുന്നത്; വ്യക്തമാക്കാമോ;

(ഡി) ആയതിനായി എന്തെല്ലാം നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് ; വിശദമാക്കാമോ?

ഉത്തരം

(എ-ഡി) ഇ-ഗവേണൻസിന്റെ ഭാഗമായി റവന്യൂ വകുപ്പിൽ നിന്നും നൽകി വരുന്ന 23 സർട്ടിഫിക്കറ്റുകൾ ഡിജിറ്റൽ ഫോർമാറ്റിൽ നൽകി വരുന്നു. NLRMP യുടെ കീഴിലുള്ള Relis പദ്ധതി പ്രകാരം Online Transfer of Registry (പോക്കുവരവ്) ജില്ലകളിൽ വിജയകരമായി നടത്തി വരുന്നു. പൂർണ്ണമായ paperless പോക്കുവരവ് സംവിധാനം നടപ്പാക്കുക എന്നതാണ് ലക്ഷ്യമിട്ടിരിക്കുന്നത്. സ്മാർട്ട് വില്ലേജ് ഓഫീസുകൾ കടലാസുരഹിത ഓഫീസുകളാക്കുന്നതാണ്. ഇ-പെയ്മെന്റ് സംവിധാനമടക്കമുള്ള പേപ്പർ രഹിത ഗവേണൻസ് സംവിധാനം നടപ്പിലാക്കുക എന്നതാണ് ലക്ഷ്യം.

ഭൂരഹിതരില്ലാത്ത കേരളം

156(4787) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂരഹിതരില്ലാത്ത കേരളം പദ്ധതിയിൽ നാളിതുവരെ ലഭിച്ച അപേക്ഷയുടെ വിശദാംശങ്ങൾ ജില്ലാടിസ്ഥാനത്തിൽ വിശദമാക്കുമോ;

(ബി) അപേക്ഷകൾക്ക് നല്കുന്നതിന് അളന്നു തിട്ടപ്പെടുത്തിയ ഭൂമിയുടെ വിശദാംശങ്ങൾ ജില്ലാടിസ്ഥനത്തിൽ വിശദമാക്കുമോ?

ഉത്തരം

(എ) ഭൂരഹിതരില്ലാത്ത കേരളം പദ്ധതിയുടെ തുടക്കത്തിൽ ആകെ 292014 അപേക്ഷകൾ 14 ജില്ലകളിലായി ലഭിച്ചിരുന്നു. 1-2-2014 മുതൽ 31-3-2014 വരെ അപേക്ഷ സമർപ്പിക്കുവാൻ വീണ്ടും അവസരം നൽകിയതിനെ തുടർന്ന് 67,281 അപേക്ഷകളും ലഭിച്ചിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു:

ജില്ല	ഒന്നാം ഘട്ടത്തിൽ ലഭിച്ചത്	1-2-2014 മുതൽ 31-3-2014 വരെ ലഭിച്ചത്.
(1)	(2)	(3)
തിരുവനന്തപുരം	47595	9595
കൊല്ലം	29850	6280
പത്തനംതിട്ട	7532	1142
ആലപ്പുഴ	17143	1223

LIBRARY ARCHIVES Kerala Legislative Assembly